# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2076 — 01/02/2018-ൽ മറുപടിക്ക്

## എയിഡ്സ് രോഗത്തിന്റെ സമ്പൂർണ നിർമ്മാർജ്ജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ഉണ്ണി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്ത് എയിഡ്സ് പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | എ) | i) എച്ച്.ഐവി രോഗവ്യാപനം തടയുന്നതിനായി എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതലുള്ള ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷന്മാർ, മയക്കുമരുന്ന് കുത്തിവച്ച് ഉപയോഗിക്കുന്നവർ, ഭിന്നലിംഗക്കാർ, ഇതര സംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ എന്നിവരെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ബോധവത്ക്കരണ പരിപാടികൾ, എച്ച്.ഐ.വി പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.<br>ii) ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു.<br>iii) എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി പ്രതിരോധത്തിനും, അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.<br>iv) രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും, രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി, സിഫിലിസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.<br>v) എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ എല്ലാ എച്ച്.ഐ.വി ബാധിത കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ, സ്നേഹപൂർവ്വം - വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പാലക്കാട് ജില്ലയിലെ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; ജില്ലയിലെ ഓരോ പഞ്ചായത്തിലെയും എച്ച്.ഐ.വി. ബാധിതരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ; | ബി) | ഉണ്ട്. 2002 മുതൽ 2017 ഒക്ടോബർ വരെ 2703 എച്ച്.ഐ.വി ബാധിതരാണ് പാലക്കാട് ജില്ലയിൽനിന്നും കണ്ടെത്തിയിട്ടുള്ളത്. പഞ്ചായത്ത് തിരിച്ച് ഇതുവരെ കണക്കാക്കിയിട്ടില്ല, |
| സി) | എയിഡ്സ് രോഗത്തിന്റെ സമ്പൂർണ നിർമ്മാർജ്ജനത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | സി) | ആഗോളതലത്തിൽ UNAIDS-ന്റെ ലക്ഷ്യം 2030-ഓടുകൂടി അണുബാധ ഈ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുക എന്നതാണ്. ഇതിന്റെ മുന്നോടിയായി 2020-ാം ആണ്ടോടുകൂടി 90-90-90 എന്ന ലക്ഷ്യം പ്രാപ്തമാക്കുവാനാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. അതായത് എച്ച്.ഐ.വി അണുബാധയുള്ള 90% ജനങ്ങളും അവർ എച്ച്.ഐ.വി അണുബാധിതരാണ് എന്ന് തിരിച്ചറിയുക, എച്ച്.ഐ.വി അണുബാധിതരാണ് എന്ന് കണ്ടെത്തിയ 90% ആളുകൾക്കും ആന്റി റിട്രോ വൈറൽ ചികിത്സ ഉറപ്പാക്കുക; ആന്റി റിട്രോ വൈറൽ ചികിത്സ ലഭ്യമാക്കിയിട്ടുള്ള 90% അണുബാധിതരിലും എച്ച്.ഐ.വി രോഗാണുവിന്റെ പ്രവർത്തനത്തെ നിയന്ത്രണ വിധേയമാക്കുക.<br>ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിവരുന്നത്. ഇതിനായി ബോധവത്ക്കരണ വിഭാഗം, ലക്ഷ്യാധിഷ്ഠിത വിഭാഗം, കൗൺസിലിംഗ് & ടെസ്റ്റിംഗ് വിഭാഗം, ലൈംഗികരോഗവിഭാഗം,, ചികിത്സയും പരിരക്ഷയും വിഭാഗം, |

| | | | |
|---|---|---|---|
| | | | രക്ത സുരക്ഷിതത്വ വിഭാഗം എന്നിവയിലൂടെ പ്രത്യേകം പ്രത്യേകം പരിപാടികൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തിവരുന്നുണ്ട്. ബോധവത്ക്കരണ വിഭാഗം മാസ്മീഡിയ, മിഡ്മീഡിയ, ഔട്ട് ഡോർ മീഡിയ, സ്കൂളുകളിലെ കൗമാര ആരോഗ്യ വിദ്യാഭ്യാസ പരിപാടി കൾ കോളേജുകളിലെ റെഡ് റിബൺക്ലബ്ബുകൾ, മുഖ്യധാരാവത്ക്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ എച്ച്.ഐ.വി ബോധവത്ക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 60 സുരക്ഷാ പദ്ധതികളിലൂടെ ലക്ഷ്യാധിഷ്ഠിത ഇടപെടൽ വിഭാഗം എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതലുള്ള വിഭാഗത്തിനിടയിൽ പ്രവർത്തനങ്ങൾ നടത്തി അണുവ്യാപനം തടയുന്നു. 23 പുലരി കേന്ദ്രങ്ങളിലൂടെ ലൈംഗിക രോഗ പരിശോധനയും ചികിത്സയും നടത്തിവരുന്നു. 529 ജ്യോതിസ് കേന്ദ്രങ്ങളിലൂടെ എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും നടത്തിവരുന്നു. രക്തസന്നിവേശത്തിലൂടെ യുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി, രക്തസുരക്ഷിതത്വവിഭാഗം പ്രവർത്തിക്കുന്നു. എച്ച്.ഐ.വി അണുബാധിതരുടെ ചികി ത്സയ്ക്കും പരിരക്ഷയ്ക്കും വേണ്ടി 10 ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു |

സെക്ഷൻ ഓഫീസർ